(ബി) ഇതു സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് സർക്കാരിന് നിസ്സയുടെ പിതാവ് നിവേദനം നൽകിയിട്ടുണ്ടോ;

(സി) പൊതുജനങ്ങൾക്കിടയിൽ വളരെയധികം സംശയം ഉളവാക്കിയ ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ വിവരം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണത്തിൽ നിന്നും മരണപ്പെട്ട നിസ്സയുടെ ഭർത്താവ് നസീമിന്റെയും പിതാവിന്റെയും മാതാവിന്റെയും പീഡനം മൂലമാണ് നിസ്സ ആത്മഹത്യ ചെയ്തതെന്ന് വെളിവായിട്ടുള്ളതിനാൽ ടിയാളുകൾക്കെതിരെ കേസ് എടുത്തിട്ടുണ്ട്. ഒന്നാം പ്രതി നാസീമിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ടിയാൻ കോടതിയിൽ നിന്നും ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. രണ്ടും മൂന്നും പ്രതികൾ ബഹു. ഹൈക്കോടതിയിൽ നിന്നും മുൻകൂർ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. കേസ് ഇപ്പോഴും അന്വേഷിച്ച് കൊണ്ടിരിക്കയാണ്.

കരകുളം വി.എച്ച്.എസ് എസ്സിലെ വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

86(827) ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം വി.എച്ച്. എസ്.സ്കൂളിൽ വച്ച് 2000 ജനുവരി മാസം ഒരു കൂട്ടം ആൾക്കാർ വിദ്യാർത്ഥികളെ മർദ്ദിച്ചത് സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്;

(സി) പ്രതികൾ ആരെല്ലാം; ഇവർ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിലോ സംഘടനയിലോ പ്രവർത്തിക്കുന്നവരാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ എത്ര പേരെ ഇതിനകം പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ടു സംഭവങ്ങളിലായി രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രണ്ടു കേസുകളിലായി ഒമ്പതു പേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നെടുമങ്ങാട് പി.എസ്.ക്രൈം നമ്പർ 22/2000 എന്ന കേസിൽ പ്രതികളായ ദീപു, സനൽ, നന്ദൻ, എന്നിവർ സി.പി.എം. പ്രവർത്തകരും നെടുമങ്ങാട് പി.എസ്.ക്രൈം 25/2000 എന്ന കേസ്സിൽ പ്രതികളായ സുനി, രാജൻ, ജയൻ, സുരേന്ദ്രൻ, പ്രസാദ്, സുരേഷ്, എന്നിവർ ബി.ജെ.പി. പ്രവർത്തകരുമാണ്.

(ഡി) ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly